പരാതിക്കാരായ ശ്രീ.അബ്ദുൾ അസീസ് മുതൽ 11 പേരെ കളമശ്ശേരി നഗരസഭയിൽ കണ്ടിജന്റ് വിഭാഗം തൊഴിലാളികളായി റഗുലറൈസ് ചെയ്യുന്നതിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കി.

7) ബഹു.കോടതിയുടെ പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിന്റെയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കളമശ്ശേരി നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ 11 (പതിനൊന്ന് മാത്രം) ശുചീകരണ തസ്തികകൾ സൃഷ്ടിച്ച് കണ്ടിജന്റ് വിഭാഗത്തിൽ പകരം തൊഴിലാളികളായി ജോലി നോക്കുന്ന 1) ശ്രീ.അബ്ദുൾ അസീസ്, 2) ശ്രീ.പി.വി.മോഹനൻ, 3) ശ്രീമതി.അംബിക മോഹനൻ, 4) ശ്രീമതി.മുത്തുലക്ഷ്മി രാജു, 5) ശ്രീമതി.മിനി വിജയൻ, 6) ശ്രീമതി.ഓമന മുകുന്ദൻ, 7) ശ്രീ.കെ.കെ.ബാബു, 8) ശ്രീമതി.എൽസി സെബാസ്റ്റ്യൻ, 9) ശ്രീമതി.സി.വി.ശ്രീദേവി, 10) ശ്രീമതി.എ.ഡി.മോളി, 11) ശ്രീ.പ്രസാദ്.റ്റി.ആർ എന്നിവരെ ആ തസ്തികയിൽ നിയമിക്കുന്നതിന് ഉത്തരവാകുന്നു. ബഹു.ഹൈക്കോടതിയുടെ 30/08/2018 ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കളമശ്ശേരി നഗരസഭ
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തു സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ